# കാവൽ കഴിഞ്ഞു പോകുന്നവർ

ജാബിർ പുല്ലൂർ, അൽ ഐൻ



അകമേ തെളിഞ്ഞു,
മൃദു മന്ദഹാസം
കുടിയിരിപ്പാം
അധരങ്ങൾ;
വൃത്താന്തമെത്തിയ
മാത്രയിൽ.
പിന്നെ,
അകം നിറഞ്ഞ വെളിച്ചം
ഒളിയേകുമാ മുഖവും.

നിലയുറപ്പിച്ചിരുന്നു നിങ്ങൾ
അതിരാവിലെ,
ഇടവും വലവുമായാ
മഹാരഥന്റെ,
പിറകിലാളും മടിയിലർഥവുമില്ലാത്ത കാലം

ദുർഘടം ഈ വഴിയെന്നറിഞ്ഞും
ധന്യമാം പാഥേയം
കൈമുതലെന്നുറച്ചു സധൈര്യം;
മുമ്പോട്ടെങ്കിൽ വഴി തുറക്കും
നാഥൻ എന്നുറപ്പോടെ.

അറിവാണ് വെളിച്ചമെന്നമര സത്യം
അക്ഷരത്തിരി കൊളുത്തി തെളിച്ചൂ
ഇരുളറകളിൽ,
കെട്ട വിശ്വാസങ്ങൾ തൻ
മൃത മണ്ഡപങ്ങളിൽ, ഇരുൾ മുറ്റിയ
വാൽമീകങ്ങളിൽ, പിന്നെ
സ്വസ്ഥം,
സുഖം ശയിച്ച ദന്തഗോപുരങ്ങളിൽ
സുകൃതം വിതച്ച ആത്മാക്കളേ,
വരാനുണ്ട് കാലം;
കൊയ്തെടുക്കാൻ പതിരറ്റ
ഓരോ കതിർകുലയും
ഓർത്തുവെക്കും ഞങ്ങൾ,
കേട്ട പാഠങ്ങളൊക്കെയും
ഓർമ വറ്റാത്ത കാലം വരേക്കും.

കാവൽ കഴിഞ്ഞു പോകയാണല്ലേ,
കാത്തു  നിൽക്കണേ കസ്തൂരി
മണക്കുമാ വഴിയിലൽപനേരം...

Vol. No: 71 Issue No. 19 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla